**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2976** **07-10-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വകുപ്പ് നടപ്പിലാക്കുന്ന നഗര വനം, വൃക്ഷ സമൃദ്ധി, വിദ്യാവനം, കൽപ്പതരു, ട്രീ ബാങ്കിംഗ് എന്നീ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ; | (എ) | 1.നഗരവനം: നഗരപ്രദേശങ്ങളിലെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങൾക്ക സമാനമായി അതിസാന്ദ്രതയിൽ നട്ടു വളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് നഗരവനം. എല്ലാ അർത്ഥത്തിലും വനത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലായിരിക്കും ഇത്തരം നഗര വനങ്ങൾ വളർത്തിയെടുക്കുക. തദ്ദേശീയ വൃക്ഷതൈകൾ ഉപയോഗിച്ച് വളർത്തിയെടുക്കുന്ന നഗരവനത്തിൽ സ്വാഭാവിക വനത്തിന്റെ വിവിധ തലങ്ങളും ദർശിക്കാൻ സാധിക്കുന്നതാണ്. ഇത്തരം നഗരവനങ്ങൾ ഹരിതഗൃഹ പ്രഭാവലഘൂകരണം,ശുദ്ധവായു സമാഹരണം,പക്ഷികളുടെ ആവാസ കേന്ദ്രമൊരുക്കൽ,ഹരിതാഭയുടെ വർദ്ധനവ് എന്നിവയോടൊപ്പം ജനങ്ങളിൽ പ്രകൃതിയോട് സ്നേഹവും, അനുഭാവവും, സംരക്ഷണ ചിന്താമനോഭാവവും ഉണർത്തുവാൻ ഉപകരിക്കുന്നു.<br><br>2.വിദ്യാവനം: വിദ്യാലയങ്ങളുടെ ചുറ്റുപാടുകളിൽ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങൾക്ക സമാനമായി അതിസാന്ദ്രതയിൽ നട്ടു വളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ സംരക്ഷണബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. ജൈവ രീതികളിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠി വർധിപ്പിക്കുക ജല ആഗിരണ ശേഷി |

വർധിപ്പിക്കുക വൃക്ഷവരണങ്ങളുടെ വിവിധ തട്ടുകളിൽ വരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ വള്ളിച്ചെടികൾ മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ വച്ച് പിടിപ്പിക്കുക പരിപാലിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇത് മൂലം പത്തു പതിനഞ്ച് വർഷങ്ങൾക്കുള്ളിൽത്തന്നെ ജൈവവൈവിധ്യ സമ്പുഷ്ടമായ പൂർണ്ണ വളർച്ചയെത്തിയ വനങ്ങൾ ചുരുങ്ങിയ സ്ഥലത്ത് നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു. തദ്ദേശിയ സസ്യങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രദേശിക കാലാവസ്ഥയും മണ്ണിന്റെ ഘടനയും യോജിക്കുന്ന ഫലവൃക്ഷങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു

3.വൃക്ഷസമൃദ്ധി : വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തൊഴിലുറപ്പ് മിഷൻ വഴി സംയുക്തമായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് വൃക്ഷസമൃദ്ധി പദ്ധതി. കേരളത്തിൽ ഹരിതമേലാപ്പ് വർദ്ധിപ്പിക്കുന്നതിനും കാർബൺ സ്വാംശീകരണത്തിനും ഉതകുന്ന തരത്തിലുള്ള വൃക്ഷ തൈകളാണ് ഈ പദ്ധതിയിലൂടെ നട്ട്പിടിപ്പിക്കുന്നത്. ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുകയും ഹരിതഗൃഹ വാതകങ്ങളെ കുറച് കാര്യക്ഷമമായി സ്വാഭാവിക പ്രകൃതിയിലേക്ക് ശേഖരിക്കുകയുമാണ് കാർബൺ തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള പോംവഴി. വനത്തിന് പുറത്തുള്ള പ്രദേശങ്ങളിലെ സ്വാഭാവിക വനവത്ക്കരണ പ്രവർത്തനങ്ങൾ വഴി അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് സന്തുലിതമാക്കാൻ ഇത് വഴി സാധിക്കുന്നതാണ്.

4.ട്രീ ബാങ്കിംഗ് : കേരള സർക്കാർ, സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് 137/2025/വനം, തീയതി 29.03.2025 പ്രകാരം ട്രീ ബാങ്കിംഗ്പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുള്ളതാണ്. ആഗോള താപനത്തിന്റെയും, കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുക, വിപണിയിൽ തടി ലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്ന പദ്ധതിയാണ് ട്രീബാങ്കിംഗ്. കൂടാതെ വനേതര പ്രദേശങ്ങളിൽ, പ്രത്യേകിച്ച് സ്വകാര്യ ഉടമസ്ഥതയിലുള്ള പ്രദേശങ്ങളിൽ വൃക്ഷവത്കരണ-പരിപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ച് കേരളത്തിന്റെ ഹരിതാഭ വർദ്ധിപ്പിക്കുവാനും കർഷകന് അതുമൂലം അധിക വരുമാനം ഉറപ്പുവരുത്തുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ളതാണ് ട്രീ ബാങ്കിംഗ് പദ്ധതി. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>5.കൽപ്പതരു പദ്ധതി : സർക്കാർ ഉത്തരവ് GO (Rt) No. 316/2025/വനം തീയതി 05.08.2025 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ലഭ്യമാകുന്ന സ്ഥലങ്ങളിൽ ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ളൈ ഗാർഡൻ, സ്കൂൾ /കോളേജുകളിൽ ഔഷധ തോട്ടം, അർബൻ ഫോറസ്ട്രി & അവന്യൂ പ്ലാന്റിംഗ്, അഗ്രോ ഫോറസ്ട്രി, Coastal Eco Restoration, പരിഹാര വനവത്കരണം, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും പുതുതായി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | കൽപ്പതരു, ട്രീ ബാങ്കിങ്, വൃക്ഷസമൃദ്ധി എന്നീ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നഗരവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് മറ്റു ജില്ലകളിലും നഗരവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . 2025-26 വർഷത്തിൽ പുതിയതായി വിദ്യാവനം നടപ്പിലാക്കാൻ കണ്ടെത്തിയ സ്ഥലങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ കൃത്യമായി മോണിട്ടർ ചെയ്യുന്നുണ്ടോ; നടപ്പിലാക്കിയതിന് ശേഷം ഇവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (സി) | വിദ്യാവനം പദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും സ്കൂളുകളിലേയും കോളേജുകളിലേയും അദ്ധ്യാപകർ, ഫോറസ്ട്രി ക്ലബ്ബുകളിലെ വിദ്യാർത്ഥികൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നഗരവനം പദ്ധതിയുടെ നടത്തിപ്പും, തുടർപരിചരണവും പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും നിക്ഷിപ്തമാണ്. വൃക്ഷസമൃദ്ധി പദ്ധതിയുടെ തുടർ പരിപാലനവും |

| | | | |
|---|---|---|---|
| | | | നടത്തിപ്പും , വിലയിരുത്തലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമാണ്. |
| (ഡി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് ഓരോ വർഷവും ചെലവാക്കിയത്; വിശദാംശം നൽകാമോ? | (ഡി) | **ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പദ്ധതികൾക്കായി ചെലവഴിച്ച തുക അനുബന്ധം 2 ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 8 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 5 |
| 4 | കോട്ടയം | 1 |
| 5 | എറണാകുളം | 6 |
| 6 | തൃശ്ശൂർ | 2 |
| 7 | ഇടുക്കി | 3 |
| 8 | കണ്ണൂർ | 2 |
| 9 | വയനാട് | 2 |
| 10 | മലപ്പുറം | 1 |
| 11 | കോഴിക്കോട് | 4 |
| | ആകെ | 38 |

അനുബന്ധം 2

| ക്രമ നമ്പർ | വർഷം | വിദ്യാവനം (in Rupees) | നഗരവനം (in Rupees) | വൃക്ഷസമൃദ്ധി (in Rupees) |
|---|---|---|---|---|
| 1 | 2021-22 | 54,65,806/- | 2,82,081/- | 5,12,305/- |
| 2 | 2022-23 | 68,30,012/- | 18,43,003/- | 8,31,311/- |
| 3 | 2023-24 | 42,21,716/- | 16,31,572/- | - |
| 4 | 2024-25 | 16,65,213/- | 27,93,470/- | - |